**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1396 30.09.2011 - ൽ മറുപടിയ്ക്ക്

**കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട അഴിമതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുമ്പോൾ സാമ്പത്തിക അഴിമതികൾ ഉണ്ടാകാതിരിക്കാൻ കുട്ടനാട് പാക്കേജിന് ഒരു സാമ്പത്തിക വിജിലൻസ് വിഭാഗം രൂപീകരിക്കണമെന്നാവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | കുട്ടനാട് പാക്കേജ് നടപ്പിലാക്കുമ്പോൾ അഴിമതികൾ ഉണ്ടാകാതിരിക്കാൻ ഒരു സാമ്പത്തിക വിജിലൻസ് രൂപീകരിക്കണമെന്ന അമ്പലപ്പുഴ എം.എൽ.എ.യുടെ സബ്മിഷന് മറുപടിയായി കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളെ സംബന്ധിച്ച് വിശദമായ മറുപടി നൽകിയിട്ടുണ്ട്. ഇതിനായി ഒരു സാമ്പത്തിക വിജിലൻസ് വിഭാഗം രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി) കുട്ടനാട് പാക്കേജിൽ അഴിമതി നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | അഴിമതി നടക്കുന്നതായ വസ്തുനിഷ്ഠമായ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ